ഖുത്ബ
2.3.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# മണ്ടി ബഹാവുദ്ദീനിൽ ഒരു ശഹാദത്ത്

**ക**ഴിഞ്ഞ ഖുത്ബയിൽ ഞാൻ നബി(സ) തിരുമേനിയുടെ അല്ലാഹുവിന്റെ റഹീമിയ്യത്ത് എന്ന മഹനീയഗുണത്തിന്റെ മാതൃകാജീവിതത്തെക്കുറിച്ച് പറഞ്ഞിരുന്നു. ആ മഹാത്മാവിനെ അല്ലാഹു റഊഫ്(കൃപയുള്ളവൻ) എന്നും റഹീം (കരുണാമയൻ) എന്നും വിളിച്ചതിനെ സംബന്ധിച്ചും പറഞ്ഞിരുന്നു. സ്വന്തക്കാർക്കും അന്യർക്കും അങ്ങേയറ്റം കരുണയുടെ വികാരം ഉൾക്കൊണ്ടിരുന്ന ആളായിരുന്നു അവിടന്ന്. അവിടത്തെ ജീവിതം ഇത്തരം സംഭവങ്ങളാൽ നിറഞ്ഞുകിടക്കുകയാണ്. ഏറ്റവും നിസ്സാരമായ കാര്യത്തിൽപോലും അവിടത്തെ കരുണാവികാരം അലയടിച്ചുയരുന്നത് കാണാൻ കഴിയുന്നു. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള വേദന അനുഭവിച്ചുകൊണ്ട്, ഈ റഹ്മത്തുൻല്ലിൽ ആലമീനും, റഊഫും റഹീമുമായ നബി, സൃഷ്ടികളുടെ വേദന അകറ്റുന്നതിനായി അസ്വസ്ഥനായിത്തീരുന്നു.

കഴിഞ്ഞ ഖുത്ബയിൽ ഇതുസംബന്ധമായി ചില ഹദീസുകൾ ഞാൻ കേൾപ്പിച്ചിരുന്നു. ഇന്ന് മറ്റു ചില ഹദീസുകൾ കേൾപ്പിക്കുന്നതാണ്. നബി(സ) തിരുമേനിയുടെ ജീവിതത്തിലെ വിവിധ വശങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണിത്. എന്നാൽ, ബുദ്ധിയ്ക്ക് അന്ധത ബാധിച്ചവർ എന്നിട്ടും പറയുന്നത് നഊദുബില്ലാഹ്, നബി തിരുമേനിയിൽ കരുണ തീണ്ടിയിട്ടുപോലുമില്ലെന്നാണ്.

ലോകത്തിന്റെ ദൃഷ്ടിയിൽ നിസ്സാരനായ ഒരു വ്യക്തിയ്ക്കുവേണ്ടി, അദ്ദേഹത്തെ വിശ്വസിക്കുന്നവർ സർവ്വവും ത്യാഗം ചെയ്യാൻ തയ്യാറായിരിക്കുന്നത് നമുക്ക് കാണാം. പ്രേമത്തിന്റേയും സ്നേഹത്തിന്റേയും ലോകത്ത് അതിന്റെ പാരമ്യതയാണ് നാം കാണുന്നത്. അതിനുള്ള ഒരുദാഹരണം പറയാം. മറ്റുള്ളവർക്കും അത് ബോധ്യമായിട്ടുള്ളതാണ്. അവർ തങ്ങളുടെ ജനങ്ങളുടെയടുക്കൽ ചെന്ന് പറഞ്ഞു: "ഇങ്ങനെ ഉന്മാദചിത്തരായ അക്കൂട്ടരോട് പൊരുതാൻ നിങ്ങൾക്ക് സാധ്യമല്ല. അവരുടെ സ്നേഹത്തിന്റെ പാരമ്യത എത്രയാണെന്നുവച്ചാൽ, അദ്ദേഹം അംഗസ്നാനം വരുത്തുമ്പോൾ വെള്ളം താഴെ വീഴാൻ അനുവദിക്കാതെ തങ്ങളുടെ കൈകളിൽ അവർ അതെടുക്കുന്നു". ഭൗതികനാണെങ്കിൽ, ഈ പ്രകടനത്തിൽ മറ്റുള്ളവരോട് സ്നേഹവായ്പും ലാളിത്യവും കരുണാവികാരവും കാണിക്കുന്നതിനു പകരം, സ്വാർത്ഥതയിൽ തിമിർക്കുമായിരുന്നു. പക്ഷേ, നാം നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെമേൽ സർവ്വവും സമർപ്പിക്കുന്നു. ഇതൊക്കെയായിട്ടും നബി(സ) കരുണാർദ്രനായിക്കൊണ്ട് തന്റെയാളുകൾക്ക് സൗഖ്യം എത്തിക്കുന്നതിനായി, ത്യാഗത്തിനുമേൽ ത്യാഗം ചെയ്യുന്നു. അവരുടെമേൽ തന്റെ കാരുണ്യത്തിന്റെ ചിറക് വിരിക്കുന്നു. അവർ അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കാകുന്നതിനും, അല്ലാഹുവിന്റെ കരുണ ആകർഷിച്ചെടുക്കുന്നതിനുമുള്ള രീതി അവരെ പഠിപ്പിക്കുന്നു. തന്നിൽ നിന്ന് ആർക്കെങ്കിലും എന്തെങ്കിലും വിഷമം ഉണ്ടാകുമോ എന്ന ചിന്തയാണ് എപ്പോഴും. (അവിടന്ന് പറഞ്ഞു) അല്ലാഹു എന്റെ പേര് റഹ്മത്തുല്ലിൽ ആലമീൻ എന്ന് വെച്ചിരിക്കുന്നു. അതുകൊണ്ട് ദയയും അനുകമ്പയും എന്നിൽനിന്ന് ഉണ്ടാകേണ്ടതുണ്ട്. അത് മറ്റുള്ളവർക്ക് എത്തേണ്ടതുണ്ട്. സത്യവിശ്വാസികൾക്ക് അല്ലാഹുവിൽ നിന്ന് റഹ്മത്തും മഗ്ഫിറത്തും ലഭിക്കാൻ വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ ബുദ്ധിമിട്ടുകൾ കേൾക്കുമ്പോൾ വിഷമിക്കുന്നു. ഈ നബി കാണിച്ച ദയയോടും കരുണയോടും കിടപിടിക്കാൻ ഒന്നുംതന്നെ ഭൂമുഖത്തില്ല. പത്തിൽ ഒന്നുപോയിട്ട് ലക്ഷത്തിലൊന്നുപോലും കാണിക്കാൻ സാധ്യമല്ല. കരുണയുടെ ഒരു സംഭവം–

പ്രത്യക്ഷത്തിൽ അത് നിസ്സാരമെന്ന് തോന്നാം- ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഒരു നിവേദനത്തിൽ പറയുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്കർ(റ) ഒരാളിൽനിന്ന് വിവരിക്കുന്നു. ഹുനൈൻ യുദ്ധം നടന്ന ദിവസം ഒരു പ്രാവശ്യം ഞാൻ കാരണം നബി(സ) തിരുമേനിയുടെ വഴി ഞെരുങ്ങിപ്പോയി. അപ്പോൾ ഞാൻ തടിച്ച തൊലികൊണ്ടുള്ള ഒരു ചെരിപ്പാണ് ധരിച്ചിരുന്നത്. എന്റെ കാല് നബി(സ) തിരുമേനിയുടെ കാലിന് മുകളിലായി. അവിടന്ന് കൈയിൽ പിടിച്ചിരുന്ന ചമ്മട്ടികൊണ്ട് എന്നെ പെട്ടെന്ന് പിന്നിലേക്ക് മാറ്റി. എന്നിട്ട് പറഞ്ഞു: ബിസ്മില്ലാഹ്. താങ്കൾ എന്നെ ബുദ്ധിമുട്ടിച്ചു. നിവേദകൻ പറയുന്നു. ആ രാത്രി എന്നെ ശപിച്ചുകൊണ്ടാണ് ഞാൻ രാത്രി കഴിച്ചുകൂട്ടിയത്. നബി(സ)നെ ബുദ്ധിമുട്ടിച്ചുവെന്ന് ഞാൻ ഓർത്തുകൊണ്ടേയിരുന്നു. നേരം വെളുത്തപ്പോൾ ഒരാൾ വന്നു. ഇന്നയാൾ എവിടെ എന്ന് ചോദിച്ചു. പേടിച്ച് പേടിച്ച് ഞാൻ അയാളുടെ പിന്നാലെ പോയി. നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. റസൂൽ(സ) എന്നോട് പറഞ്ഞു. “താങ്കൾ ഇന്നലെ താങ്കളുടെ ചെരിപ്പിട്ടകാൽ എന്റെ കാലിനു മുകളിൽവച്ച് എന്നെ വേദനിപ്പിച്ചിരുന്നു. പക്ഷേ, ഞാൻ എന്റെ കൈയിലിരുന്ന ചമ്മട്ടി കൊണ്ട് താങ്കളെ പിന്നോട്ടുനീക്കി. എന്റെ കൈയിലെ ചമ്മട്ടി താങ്കളുടെ ദേഹത്ത് മുട്ടിയപ്പോൾ താങ്കൾക്ക് വേദനിച്ചിട്ടുണ്ടാകും. അതിനുപകരം ഈ ആടുകളെ എടുത്തുകൊള്ളുക.”

ആ റഹ്മത്തുൻല്ലിൽ ആലമീൻ തന്റെ ശിഷ്യന്മാരോട് എങ്ങനെയാണ് പെരുമാറിയിരുന്നതെന്ന് നോക്കുക. നബി തങ്ങൾക്ക് വിഷമം ഉണ്ടായപപ്പോൾ അതകറ്റാൻ ചമ്മട്ടികൊണ്ട് മെല്ലെ അയാളെ തള്ളിമാറ്റി. ആ മാറ്റലിൽ ഇതരന് വിഷമം ഉണ്ടായിട്ടുണ്ടെന്ന് രാത്രി മുഴുവൻ അവിടന്ന് ചിന്തിച്ചിരുന്നു. താനെന്തിന് അങ്ങനെ ചെയ്തുവെന്ന് ചിന്തിക്കുന്നു. സ്വന്തം ബുദ്ധിമുട്ടിനെ സംബന്ധിച്ച് അപ്പോൾ ഒരു ചിന്തയുമില്ല. ആരെയാണോ ചമ്മട്ടികൊണ്ടകറ്റിയത് അയാളാണെങ്കിൽ വിഷമിച്ച് രാത്രി മുഴുവനും ഉറങ്ങാതെ കഴിച്ചുകൂട്ടുന്നു. എന്നാൽ, അടിമുടി കാരുണ്യമായ അവിടന്ന്, രാവിലെ അയാളെ വിളിച്ചിട്ട്, ഞാൻ മുഖേന നിങ്ങൾക്ക് വേദനയുണ്ടായി, അതു കൊണ്ട് ഈ ആടുകളെ അതിനുപകരം കൊണ്ടുപോയ്ക്കൊള്ളുക എന്ന് പറയുന്നു.

അവിടത്തെ മജ്‌ലിസിൽ വന്ന ഒരു ബദുവിന്റെ സ്വഭാവം നോക്കുക. അയാൾക്ക് മര്യാദ എന്തെന്ന് ഒട്ടുംതന്നെ അറിയുമായിരുന്നില്ല. എന്നല്ല, അതൊട്ടു പഠിക്കാൻ അയാൾ ആഗ്രഹിച്ചതുമില്ല എന്നു തോന്നുന്നു. തങ്ങളുടെ പിടിവാശിയിൽ അവർക്ക് വലിയ അഭിമാനമായിരുന്നു. ആ സ്വഭാവം കാണിച്ചിട്ടും നബി(സ) തിരുമേനി എങ്ങനെയാണ് അയാളോട് പെരുമാറിയത്.

നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. ഞാൻ നബി(സ)യുടെ കൂടെയുണ്ടായിരുന്ന ഒരവസരം. അവിടന്ന് തടിപ്പുള്ള ഒരു പുതപ്പാണ് പുതച്ചിരുന്നത്. ഒരു ബദു ആ പുതപ്പ് പിടിച്ച് ശക്തമായി വലിച്ചു. എത്രമാത്രമെന്നാൽ അതിന്റെ പാട് അവിടത്തെ കഴുത്തിൽ പതിച്ചു. പിന്നീട് അയാൾ പറഞ്ഞു: മുഹമ്മദേ!(സ) താങ്കൾക്ക് അല്ലാഹു നൽകിയ ധനത്തിൽനിന്നും എന്റെ വീതം എന്റെ ഒട്ടകത്തിന്റെമേൽ വയ്ക്കുക. താങ്കൾ താങ്കളുടെ ധനത്തിൽനിന്നോ താങ്കളുടെ പിതാവിന്റെ ധനത്തിൽനിന്നോ അല്ല എനിക്ക് തരുന്നത്. ഇതുകേട്ട് നബി(സ) ആദ്യം നിശബ്ദനായിരുന്നു. എന്നിട്ട് പറഞ്ഞു. **അൽമാലു, മാലുല്ലാഹി വ അന അബ്ദുഹു.** ധനം അല്ലാഹുവിന്റേതാണ്. ഞാൻ അവന്റെ ദാസനാണ്. പിന്നീട് അവിടന്ന് പറഞ്ഞു. താങ്കളെന്നെ വിഷമിപ്പിച്ചിരിക്കുന്നു. താങ്കളോട് ഇതിന് പകരം വീട്ടുന്നതാണ്. ആ ബദ്ദു പറഞ്ഞു. അങ്ങനെ ഉണ്ടാവുകയില്ല. കാരണമെന്താണെന്ന് അവിടന്ന് തിരക്കി. ആ ബദ്ദു പറഞ്ഞു. അങ്ങ് തിന്മയ്ക്കുള്ള പ്രതിക്രിയ തിന്മ കൊണ്ട് ചെയ്യാറില്ല. അതുകേട്ടപ്പോൾ നബി(സ) ചിരിച്ചുപോയി. പിന്നീട് അയാളുടെ ഒരു ഒട്ടകപ്പുറത്ത് യവവും കാരക്കയും കയറ്റി വെച്ചുകൊടുക്കാൻ അവിടന്ന് പറഞ്ഞു.

ഈ ബദു ഒരു വിഡ്ഢിയൊന്നുമായിരുന്നില്ല. എന്തുവേണമെങ്കിലും തിരുനബിയുടെ മുമ്പിൽ പറയാമെന്ന് അയാൾക്കറിയാമായിരുന്നു. എങ്ങനെ വേണമെങ്കിലും പെരുമാറാമെന്നും അയാൾ മനസ്സിലാക്കിയിരുന്നു. എന്തുചെയ്താലും, അടിമുടി കാരുണ്യമായ നബിതിരുമേനിയിൽനിന്ന് പൊറുക്കലും മാപ്പും ദയയും മാത്രമെ പ്രകടമാകുകയുള്ളൂ എന്ന്

അയാൾക്ക് നല്ലവണ്ണം ബോധ്യമുണ്ടായിരുന്നു.

സത്യവിശ്വാസികളെ എപ്പോഴും അല്ലാഹുവിനെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നതിനും, അല്ലാഹുവിന്റെ റഹ്മത്തിൽ അവർ ഭാഗഭാക്കാകുന്നതിനും വേണ്ടി അവിടന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ ഉപദേശിച്ചുകൊണ്ടിരുന്നു. ആദ്യ ജനതകളുടെമേൽ ഉണ്ടായിക്കൊണ്ടിരുന്ന ദൈവികശിക്ഷമൂലം അവരുടെ നാമം പോലും ഭൂമുഖത്തുനിന്നും തുടച്ചുമാറ്റപ്പെട്ടു. അത് നബി(സ) തിരുമേനിക്ക് നല്ലവണ്ണം അറിയാമായിരുന്നു. ഇന്നും എന്തെങ്കിലും തെറ്റുകൊണ്ട്, തന്നെ വിശ്വസിക്കുന്നവൻ ദൈവികശിക്ഷയുടെ താഴെ വരാൻ പാടില്ലെന്ന് നബി(സ) വിചാരിച്ചിരുന്നു. അതുകൊണ്ട് കാറ്റോ, മഴയോ ശക്തമായ പൊടിക്കാറ്റോ കണ്ടാൽ, അവിടന്ന് സ്വയം അല്ലാഹുവിനോട് കാരുണ്യം തേടുമായിരുന്നു. ഈ വരുന്ന കാറ്റും കോളും അല്ലാഹുവിന്റെ ശിക്ഷ കൊണ്ടുവരുന്നതാകാൻ പാടില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. കാറ്റുകളെ നിങ്ങൾ ശപിക്കരുത്. കാരണം അത് അല്ലാഹുവിന്റെ കാരുണ്യമാണ്. എന്നല്ല റഹ്മത്തും അദാബും ആകുന്നു. അത് രണ്ടും കൊണ്ടുവരുന്നു. പക്ഷേ, അല്ലാഹുവിനോട് അതിന്റെ നന്മ തേടുക. അതിന്റെ ഉപദ്രവത്തിൽനിന്നും അല്ലാഹുവിനോട് അഭയം തേടുക.

അത്വാ ബിൻ അബീ രിവാ(റ) ഹദ്റത്ത് ആയിശ(റ) ഇങ്ങനെ പറയുന്നതായി കേട്ടു. ഏതൊരു ദിവസമാണോ ശക്തമായ കാറ്റു വീശുന്നത് കാർമേഘം ഉരുണ്ടുകൂടുന്നത്, അവിടത്തെ മുഖത്ത് അതിന്റെ ലക്ഷണങ്ങൾ തെളിഞ്ഞുകാണുമായിരുന്നു. അവിടന്ന് ചിലപ്പോൾ പെട്ടെന്ന് വരികയും പെട്ടെന്ന് മടങ്ങിപ്പോകുകയും ചെയ്യുമായിരുന്നു. അതായത്, വിഷമം കൊണ്ട് ഉലാത്തുമായിരുന്നു. മഴയുണ്ടാകുമ്പോൾ അവിടന്ന് സന്തോഷിക്കുമായിരുന്നു. വിഷമം അകലുമായിരുന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു. അവിടന്ന് പറഞ്ഞു. ഇത് എന്റെ ഉമ്മത്തിനുമേൽ ഇറങ്ങുന്ന ശിക്ഷയാകുമോ എന്ന ഭയം എനിക്കുണ്ടായിരുന്നു. അവിടന്ന് മഴ കണ്ട് കൊണ്ട് പറയും ഇത് റഹ്മത്താണ്.

അടിമുടി കാരുണ്യമായ നബി(സ) ആ അവസരത്തിൽ സ്വയം പ്രാർത്ഥിക്കുകയും, പ്രാർത്ഥന പഠിപ്പിക്കുകയും ചെയ്തു. അതിലൊന്നുരണ്ടെണ്ണം ഞാൻ കേൾപ്പിക്കാം.

ഒരു ദുആ ഇതാണ്

اَللّٰهُمَّ إِنِّيْ أَسْأَلُكَ خَيْرَهَا وَخَيْرَ مَا فِيْهَا، وَخَيْرَ مَا
أُرْسِلَتْ بِهٖ، وَأَعُوْذُ بِكَ مِنْ شَرِّهَا وَشَرِّ مَا فِيْهَا،
وَشَرِّ مَا أُرْسِلَتْ بِهٖ۔

അല്ലാഹുവേ, ഞാൻ നിന്നോട് ഈ ശക്തമായ പൊടിക്കാറ്റിന്റെ ബാഹ്യവും ആന്തരവുമായ എല്ലാതരം നന്മയും ക്ഷേമവും ആഗ്രഹിക്കുന്നു. ഏതൊരു നന്മയും കൊണ്ടാണോ ഇതയക്കപ്പെട്ടത് അത് ഞാൻ ആഗ്രഹിക്കുന്നു. ഞാനിതിന്റെ ബാഹ്യവും ആന്തരവുമായ ഉപദ്രവത്തിൽനിന്നും ഇത് കൊണ്ടുവരാൻ കാരണമായ ഉപദ്രവത്തിൽനിന്നും നിന്നെ അഭയം തേടുന്നു.

اَللّٰهُمَّ إِنِّيْ أَعُوْذُ بِكَ مِنْ زَوَالِ نِعْمَتِكَ، وَتَحَوُّلِ عَافِيَتِكَ
وَفُجَاءَةِ نِقْمَتِكَ، وَجَمِيْعِ سُخْطِكَ.

അല്ലാഹുവേ, നിന്റെ നിഅ്മത്ത് പൊയ്പോകുന്നതിൽനിന്നും നിന്നിൽനിന്ന് സൗഖ്യം മാറിപ്പോകുന്നതിൽനിന്നും, പെട്ടെന്ന് വരുന്ന നിന്റെ ശിക്ഷയിൽനിന്നും നിന്റെ വെറുപ്പിനു കാരണമാകുന്ന എല്ലാ കാര്യങ്ങളിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.

മരണാസന്നയായ ഒരു സ്ത്രീയോടുള്ള പെരുമാറ്റം എങ്ങനെയായിരുന്നുവെന്ന് നോക്കുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഇബ്നുശഹാബ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹത്തോട് അബൂ ഉമാമ (റ) പറഞ്ഞു. മദീനയ്ക്കു പുറത്ത് താമസിച്ചിരുന്ന ഒരു സ്ത്രീ തീരെ സുഖമില്ലാതെയായി. നബി(സ) തിരുമേനി അവരുടെ ആരോഗ്യത്തെക്കുറിച്ച് സ്വഹാബാക്കളോടു ചോദിക്കാറുണ്ടായിരുന്നു. ഈ സ്ത്രീ മരിക്കുകയാണെങ്കിൽ, ഞാൻ അവരുടെ ജനാസ നമസ്കരിക്കുന്നതുവരെ അവരെ ഖബ്റടക്കരുതെന്ന് അവിടന്ന് പറഞ്ഞിരുന്നു. അവർ വഫാത്തായി. അവരുടെ മയ്യിത്ത് രാത്രി നേരത്ത് സ്വഹാബാക്കൾ മദീനയിൽ കൊണ്ടുവന്നു. നബി(സ) തിരുമേനി ഉറങ്ങുന്നതായി അവർ കണ്ടു. നബിയെ ഉണർത്തുന്നത് അവർ ഇഷ്ടപ്പെട്ടില്ല. അങ്ങനെ അവർ അവരുടെ ജനാസ നമസ്കരിച്ചു. ജന്നത്തുൽ ബഖിയിൽ മറയടക്കുകയും ചെയ്തു. നേരം വെളുത്തപ്പോൾ, സഹാ

ബാക്കൾ നബിയുടെയടുക്കൽ വന്നു. ആ സ്ത്രീയുടെ ആരോഗ്യത്തെക്കുറിച്ച് അവിടന്ന് അവരോട് അന്വേഷിച്ചു. അവർ പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, അവർ രാത്രിയിൽ വഫാത്തായി. ഞങ്ങൾ അവരെ മറയടക്കി. ഞങ്ങൾ അങ്ങയെ വിളിക്കാൻ വന്നപ്പോൾ അങ്ങ് ഉറങ്ങുകയായിരുന്നു. അങ്ങയെ ഉണർത്തുന്നത് ശരിയായിട്ട് ഞങ്ങൾക്ക് തോന്നിയില്ല.

അപ്പോൾ, തന്നെ ആ കബ്റിടത്തിൽ കൊണ്ടുപോകാൻ അവിടന്ന് അവരോട് പറഞ്ഞു. അവിടന്ന് അവിടെയെത്തി. ഖബ്ർസ്ഥാനിൽ അവരുടെ കബ്റിന്റെയടുക്കൽ നിന്നു. സ്വഹാബാക്കൾ തിരുനബിയുടെ പിന്നിലും അണിനിരന്നു. അവിടന്ന് അവർക്കായി ജനാസ നമസ്കരിപ്പിച്ചു. ആ നമസ്കാരത്തിൽ 4 തക്ബീറും ചൊല്ലുകയുണ്ടായി.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു, അവിടന്ന് പറഞ്ഞു. ഇനി ഇങ്ങനെ ചെയ്യരുത്. ജനാസ ഞാൻ നമസ്കരിപ്പിക്കും എന്ന് ആരെയെങ്കിലും കുറിച്ച് ഞാൻ പറഞ്ഞാൽ, എന്നെ അറിയിക്കേണ്ടതാണ്. നിങ്ങളിലാരുടെയെങ്കിലും ആരെങ്കിലും വഫാത്തായാൽ എന്നെ അറിയിക്കാതെകണ്ട് എനിക്കെങ്ങനെയാണ് വരാൻ കഴിയുക. എന്റെ പ്രാർത്ഥന മരിച്ചവർക്ക് കാരുണ്യത്തിന് കാരണമാണ്. പിന്നീട് അവിടന്ന് കബ്റിടത്തിലേക്കു പോയി. നാല് തക്ബീർ ചൊല്ലിക്കൊണ്ട് ജനാസ നമസ്കരിപ്പിച്ചു.

പ്രത്യക്ഷത്തിൽ, ചെറിയ ചെറിയ ഉപദേശങ്ങൾ നല്കിക്കൊണ്ട് തന്റെ സമുദായത്തോടു ആ നന്മകൾ ചെയ്യാൻ അവിടന്ന് ഉപദേശിക്കുമായിരുന്നു. എങ്ങനെയെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹം ആകർഷിച്ചെടുക്കട്ടെ എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഒരാൾ വഴിയിലൂടെ പോകുമ്പോൾ മരത്തിന്റെ ഒരു കൊമ്പ് വീണുകിടക്കുന്നത് കണ്ടു. അയാൾ പറഞ്ഞു. അല്ലാഹുവാണ, തീർച്ചയായും ഞാനിത് മാറ്റിയിടും. മുസ്ലിംകൾക്ക് ഇതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. അക്കാരണത്താൽ അല്ലാഹു അയാളെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു.

അല്ലാഹു അയാൾക്ക് അതിന്റെ പ്രതിഫലവും കൊടുക്കാതിരുന്നില്ല. തന്റെ ദാസരോട് കരുണ്യത്തോടെ പെരുമാറുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ചെറുതും വലുതുമായ ഒരു നന്മയേയും അല്ലാഹു പ്രതിഫലം നല്കാതെ വിട്ടുകളയുകയില്ല.

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഒരാൾ വഴിയിലൂടെ നടന്നുപോകുകയായിരുന്നു. അയാൾക്ക് കഠിനമായ ദാഹം ഉണ്ടായി. അയാൾ ഒരു കിണർ കണ്ടു. അയാൾ അതിലിറങ്ങി വെള്ളം കുടിച്ചു. അതിൽനിന്ന് വെളിയിൽ വന്നപ്പോൾ, ദാഹംകൊണ്ട് കിതയ്ക്കുന്ന ഒരു പട്ടിയെ അയാൾ കണ്ടു. ദാഹത്തിന്റെ കാഠിന്യത്താൽ നനഞ്ഞ മണ്ണ് അത് നക്കുകയായിരുന്നു. എനിക്ക് ദാഹമുണ്ടായതുപോലെ തന്നെയാണല്ലോ ഇതിനും ദാഹമുണ്ടായിരിക്കുന്നതെന്ന് അയാൾ തന്നത്താൻ പറഞ്ഞു. അയാൾ വീണ്ടും കിണറിലേക്ക് ഇറങ്ങി. തന്റെ ഷൂവിൽ വെള്ളം നിറച്ച്, പല്ലുകൊണ്ട് അത് കടിച്ചുപിടിച്ച് വെളിയിൽവന്ന് ആ പട്ടിയെ കുടിപ്പിച്ചു. അല്ലാഹു അയാളെ ആദരിച്ചു. അയാൾക്ക് പൊറുത്തുകൊടുത്തു. സ്വഹാബാക്കൾ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, മൃഗങ്ങളിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ? അവിടന്ന് പറഞ്ഞു, ഓരോ ജീവനുള്ളതിലും പ്രതിഫലം വിധിക്കപ്പെട്ടിരിക്കുന്നു.

ഒരു കർമ്മവും നഷ്ടപ്പെട്ടുപോകുകയില്ലെന്ന കാര്യം അറിയുക. സദുദ്ദേശ്യത്തോടെ ചെയ്യുന്ന ഓരോ കർമ്മത്തിനും അല്ലാഹു അവന്റെ റഹീമിയത്തിന്റെ ദാനംകൊണ്ട് പ്രതിഫലം നല്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി അലിയുടെ മകൻ ഹസനെ ഉമ്മവെച്ചു. നബിയുടെ അടുക്കൽ അഖ്റാഅ് ബിൻ ഹാബിസ് അത്തമീവി ഇരിപ്പുണ്ടായിരുന്നു. അഖ്റാഅ് പറഞ്ഞു. എനിക്ക് പത്ത് മക്കളുണ്ട്. ഞാനൊരിക്കലും അവരെ മുത്തിയിട്ടില്ല. നബി(സ) അദ്ദേഹത്തെ നോക്കിക്കൊണ്ട് പറഞ്ഞു. കാരുണ്യം കാണിക്കാത്തവരോട് കരുണ കാണിക്കപ്പെടുകയില്ല.

കുട്ടികളെ മുത്തുക, അവർക്ക് ശിക്ഷണം കൊടുക്കുക തുടങ്ങിയവയെല്ലാം ഒരു ദയയോടുകൂടി ആയിരിക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ കാരുണ്യത്തെ സ്വരുക്കൂട്ടുവാൻ ഉപകരിക്കുന്നതാണ്.

അബ്ദുല്ലാഹ് ബിൻ യസ്ർ പറയുന്നു. റസൂലുല്ലാഹ്(സ) എന്റെ പിതാവിന്റെ വീട്ടിൽ അതിഥിയായിക്കൊണ്ടുവന്നു. ഞങ്ങൾ നബിയുടെ സന്നിധിയിൽ ഭക്ഷണം കൊണ്ടുവച്ചു. അതവിടന്ന് കഴിച്ചു. പിന്നീട് കാരക്ക കൊണ്ടുവന്നുവെച്ചു. അവിടന്ന് അത് തിന്നുകൊണ്ടിരുന്നു. തള്ളവിരലും നടുവിരലും കൊണ്ട് അതിന്റെ കുരു എടുത്ത് ഒരുഭാഗത്ത് മാറ്റിവെച്ചു. പിന്നീട് കുടിക്കാൻ കൊണ്ടുവന്നു. അല്പം കുടിച്ചതിനുശേഷം തന്റെ വലതുഭാഗത്തിരുന്ന ഒരാൾക്ക് കൊടുത്തു. എന്റെ പിതാവ് അവിടത്തെ യാത്രാമൃഗത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് പറഞ്ഞു, ഞങ്ങൾക്കായി ദുആ ചെയ്താലും. അവിടന്ന് ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവേ, നീ അവർക്ക് നല്കിയ ജീവിതവിഭവങ്ങളിൽ അവർക്ക് ബർക്കത്ത് നല്കിയാലും. അവർക്ക് പൊറുത്തുകൊടുത്താലും. അവരോട് കരുണ കാണിച്ചാലും. അവിടത്തെ പ്രാർത്ഥന ഈയാളുകളുടെ ജീവിതം നല്ല നിലയിലാക്കിത്തീർക്കുന്നതും, പരലോകം നന്നാക്കിത്തീർക്കുന്നതിന് അത്യാവശ്യമാണെന്ന് നബി(സ)ന് അറിയാമായിരുന്നു. അവർ ചെയ്ത സേവനത്തിനേക്കാൾ കൂടുതൽ അവർക്ക് നല്കണം എന്നാണ് അതാവശ്യപ്പെട്ടത്. അവിടത്തെ പ്രാർത്ഥനയേക്കാളുപരിയായി അല്ലാഹുവിന്റെ ഫള്‌ലിനേയും റഹ്മത്തിനേയും സ്വരുക്കൂട്ടുന്ന മറ്റെന്താണുള്ളത്. അതിന്റെ ബർക്കത്ത് അവർക്കും അവരുടെ മക്കൾക്കും എപ്പോഴും പ്രയോജനപ്പെടുന്നതാണ്.

വസീൽ(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബിയുടെയടുക്കൽ വന്നിട്ട് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ അജ്ഞരായിരുന്നു. ബിംബങ്ങളെ ആരാധിക്കാറുണ്ടായിരുന്നു. ഞങ്ങൾ ഞങ്ങളുടെ കുട്ടികളെ വധിക്കാറുണ്ടായിരുന്നു. എനിക്കൊരു മകളുണ്ടായിരുന്നു. അവൾ ഞാൻ ചോദിക്കുന്നതിന് മറുപടി തരാനുള്ള പ്രായം അവൾക്കെത്തിയപ്പോൾ, ഞാനവളെ വിളിക്കുമ്പോൾ, അവൾ വളരെ സന്തോഷിച്ചിരുന്നു. ഒരു ദിവസം ഞാനവളെ വിളിച്ചു. അവൾ എന്റെ പിന്നാലെ വന്നു. ഞാൻ നടന്നുകൊണ്ടേപോയി. അങ്ങനെ ഞങ്ങളുടെ കുടുംബസ്വത്തായിട്ടുള്ള ഒരു കിണറിന്റെയടുക്കൽ എത്തി. അധികം ദൂരത്തല്ലായിരുന്നു അത്. ഞാനെന്റെ മകളുടെ കൈപിടിച്ച് ആ കിണറ്റിലേക്ക് തള്ളിയിട്ടു. ഞാൻ കേട്ട അവളുടെ അവസാനത്തെ ശബ്ദം, എന്റെ ഉപ്പ, എന്റെ ഉപ്പ എന്നതായിരുന്നു. നബി(സ) തിരുമേനി ഇതുകേട്ട് പൊട്ടിക്കരഞ്ഞു. കണ്ണീർ മെല്ലെ മെല്ലെ ഒഴുകാൻ തുടങ്ങി. അവിടെ മജ്‌ലിസിലുണ്ടായിരുന്ന ഒരാൾ പറഞ്ഞു. താങ്കൾ നബി(സ) തിരുമേനിയെ വിഷമിപ്പിച്ചിരിക്കുന്നു. അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു. താങ്കൾ നിശ്ശബ്ദനായിരിക്കുക. ഇയാൾ ഇയാൾക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചോദിക്കുന്നത്. പിന്നീട്, വീണ്ടും പറയാൻ നബി(സ) അയാളോട് പറഞ്ഞു. അങ്ങനെ അയാൾ നടന്ന സംഭവങ്ങളെല്ലാം ആവർത്തിച്ചു. നബി(സ) തിരുമേനിയുടെ കണ്ണീർ, താടിയിൽ വന്ന് പതിക്കാൻ തുടങ്ങി. നബി(സ) പറഞ്ഞു. അല്ലാഹു, ജാഹിലിയ്യ കാലഘട്ടത്തിലെ കർമ്മങ്ങൾ പൊറുത്തുതന്നിരിക്കുന്നു. ഇനി താങ്കൾ ആദ്യം മുതൽ കർമ്മങ്ങൾ ചെയ്തുതുടങ്ങുക.

വളരെ പ്രധാനപ്പെട്ടതെന്ന് നബി(സ) പറയാൻ കാരണം, ഇത്രയും വലിയ പാപം ചെയ്താലും തനിക്ക് പൊറുത്തുകിട്ടാൻ സാധ്യതയുണ്ടോ എന്നാരായുകയായിരുന്നു അദ്ദേഹം. നബി(സ) പറഞ്ഞു. അത് അജ്ഞതയുടെ കാലത്ത് നടന്നതാണ്. അത് കഴിഞ്ഞുപോയി. ഇനി സൽക്കർമ്മം ചെയ്താൽ, നന്മ പ്രവൃത്തിച്ചാൽ അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കും.

സ്ത്രീകളുടെ അവകാശങ്ങൾ നിലനിറുത്തുന്നതിനും, അവരോട് ദയയോടെ പെരുമാറുന്നതിനും അല്ലാഹുവിന്റെ കാരുണ്യം കരസ്ഥമാക്കുന്നതിനും അവിടന്ന് ഒരു ഉദാഹരണം നല്കിക്കൊണ്ട് പറയുന്നു.

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: “സ്ത്രീകളോട് നല്ലനിലയിൽ പെരുമാറുക. സ്ത്രീകൾ തീർച്ചയായും വാരിയെല്ലിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടത്. വാരിയെല്ലിന്റെ മുകൾഭാഗത്ത് കൂടുതൽ വളവുണ്ട്. അത് നിങ്ങൾ നേരെയാക്കാൻ ശ്രമിച്ചാൽ അതിനെ പൊടിക്കുകയായിരിക്കും ചെയ്യുക. അതിനെ അങ്ങനെതന്നെ വിട്ടാൽ, വളഞ്ഞുതന്നെയിരിക്കും. അതുകൊണ്ട് നിങ്ങൾ സ്ത്രീകളോടു നല്ലനിലയിൽ പെരുമാറുക. ഇതിന്റെ ഉദ്ദേശ്യം ഏതൊരു പ്രവൃത്തിക്കായി അവർ സൃഷ്ടിക്കപ്പെട്ടുവോ, ഏതൊരു രൂപത്തിൽ അവർ സൃഷ്ടിക്കപ്പെട്ടുവോ, അതിൽനിന്നുകൊണ്ട് അവരെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ അത് ഉത്തമമാ

യിരിക്കും എന്നാണ്. വാരിയെല്ല് നേരെയാക്കാൻ ശ്രമിച്ചാൽ അത് പൊട്ടിപ്പോകും. ഏതൊരു ഉദ്ദേശ്യത്തിനായി അത് സൃഷ്ടിക്കപ്പെട്ടുവോ- മനുഷ്യന്റെ ഹൃദയവും ശ്വാസകോശവും മറ്റു വസ്തുക്കളുമെല്ലാം സംരക്ഷിക്കുന്നത് വാരിയെല്ലുകളാണ്- ആ സംരക്ഷണോദ്ദേശ്യം നിറവേറ്റാൻ അതിന് സാധിക്കുകയില്ല. ഇപ്രകാരം, നിങ്ങളുടെ വീടിന്റെ സംരക്ഷണവും, കുട്ടികളുടെ നല്ല ശിക്ഷണവും അവരുടെ പരിപാലനവും നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സ്ത്രീകളെ, അവർ എന്തു രൂപത്തിലാണോ ഉള്ളത് അതിൽ തന്നെ നിറുത്തിക്കൊണ്ട് പ്രയോജനപ്പെടുത്തുക. ചെറിയ ചെറിയ കാര്യങ്ങളുടെ മേൽ സ്ത്രീകൾക്കെതിരിൽ അപവാദം പറയുകയും, അവരുടെ കുറവുകൾ കണ്ടുപിടിക്കുന്നതും വഴക്കുണ്ടാക്കുന്നതും പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമെല്ലാം നിങ്ങളുടെ വീട്ടിനേയും നശിപ്പിക്കുന്നതാണ്. അതുകൊണ്ട്, അതിന്റെ പ്രകൃതിയ്ക്കനുസരിച്ച് പ്രയോജനപ്പെടുത്താൻ പറഞ്ഞു. ഓരോ വസ്തുവിനേയും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത് ഓരോ ഉദ്ദേശ്യത്തിനുവേണ്ടിയാണ്. അതനുസരിച്ച് ഓരോന്നിനും ഓരോ ആകൃതിയും നല്കിയിരിക്കുന്നു.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. ***വഅ്ബുദുല്ലാഹ വലാ തുശ്രിക്കുബിഹി ശയ്അ.*** നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവന് പങ്കാളികളെ വയ്ക്കരുത്. കാരണം ***ഇന്ന ശിർക്ക ലളുൽമുൻഅളീം.*** ശിർക്ക് വലിയ പാപമാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചവനായ ആ അസ്തിത്വമാണ് നിങ്ങളുടെ റബ്ബ്. നിങ്ങളെ പരിപാലിക്കുന്നവനാണ്. അവൻ തന്റെ റഹ്മാനിയ്യത്തിന്റെ ദാനത്താൽ നിങ്ങളുടെ ആവശ്യത്തിനുള്ള എല്ലാ വസ്തുക്കളും നിങ്ങൾക്ക് നല്കിയിരിക്കുന്നു. അതുകൊണ്ട് ഈ വസ്തുക്കളെല്ലാം വിളിച്ചോതുന്നത് അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവനു മുമ്പിൽ പ്രണമിക്കുക എന്നാണ്; അവന്റെ റഹീമിയ്യത്തിലും ഭാഗഭാക്കാകാൻ. ഇല്ലെങ്കിൽ നിങ്ങൾ നിങ്ങളുടെമേൽ വലിയ അക്രമം ചെയ്യുന്നവരായിരിക്കും. അല്ലാഹുവിന്നെതിരിൽ, മറ്റുള്ളവരെ രക്ഷകരെന്നു കരുതി അല്ലാഹുവിന്റെ റഹീമിയ്യത്തിൽനിന്ന് അനുഗ്രഹം തേടുന്നതിനു പകരം അവനിൽനിന്ന് അകലുകയും നിങ്ങളുടെ പരലോകം മോശമാക്കിത്തീർക്കുകയുമായിരിക്കും ചെയ്യുന്നത്. ഞാൻ സകലപാപങ്ങളും പൊറുക്കുമെന്ന് അല്ലാഹു പറയുന്നു. പക്ഷേ, ശിർക്കിന്റെ പാപം പൊറുക്കുകയില്ല. ***ഇന്നല്ലാഹ ലാ യഗ്ഫിറു അൻയുശ്റക്കബിഹി വ യഗ്ഫിറു മാ ദൂനദാലിക്ക ലിമൻയ്യശാഅ്*** തീർച്ചയായും തന്നോട് കൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ള മറ്റു പാപങ്ങൾ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. (4:117)

അല്ലാഹുവിന്റെ റഹീമിയ്യത്തിൽ ഭാഗഭാക്കാകാൻ എല്ലാതരം ശിർക്കുകളും, അത് പ്രത്യക്ഷമാകട്ടെ മറഞ്ഞിരിക്കുന്നതാകട്ടെ അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. നബി(സ) ഇതുസംബന്ധമായി തന്റെ ഉമ്മത്തിന് നല്കിയ ഉപദേശം ഒരു നിവേദനത്തിൽ ഇങ്ങനെ കാണുന്നു.

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) നിവേദനം ചെയ്യുന്നു. കഴുതപ്പുറത്ത് ഞാൻ യാത്ര ചെയ്യുകയായിരുന്നു. റസൂലുല്ലാഹി(സ) എന്റെ അടുത്തൂടെ കടന്നുപോയി. അവിടന്ന് എന്നോട് പറഞ്ഞു. ഏ മുആദ്, അല്ലാഹുവിന് മനുഷ്യരോടുള്ള കടമ എന്താണെന്നും മനുഷ്യർക്ക് അല്ലാഹുവിനോടുള്ള കടമ എന്താണെന്നും നിനക്കറിയുമോ? ഞാൻ പറഞ്ഞു, അല്ലാഹുവും അവന്റെ റസൂലുമാണ് നല്ലവണ്ണം അറിയുന്നത്. അവിടന്ന് പറഞ്ഞു, മനുഷ്യർക്ക് അല്ലാഹുവിനോടുള്ള കടമ അവനെ ആരാധിക്കുകയും അവനോട് ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന് മനുഷ്യരോടുള്ള കടമ, അവൻ ഈ കർമ്മങ്ങൾ ചെയ്യുമ്പോൾ അവനെ ശിക്ഷിക്കാതിരിക്കുക എന്നതാണ്.

എന്നാൽ, നിർഭാഗ്യമെന്ന് പറയട്ടെ, ഇക്കാലത്ത് മുസ്ലിംകളിൽ ഒരു വലിയ വിഭാഗം അപ്രത്യക്ഷമായ ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. പീർമാരുടേയും ഫഖീർമാരുടേയും, അല്ലെങ്കിൽ പുണ്യാത്മാക്കളുടെയും ഖബ്റിങ്കൽ പോയി അവരോട് പ്രാർത്ഥിക്കുന്നു. തങ്ങളുടെ മോക്ഷത്തിനുള്ള മാർഗ്ഗമായി അവരെ കാണുന്നു. ഏതൊരു മഹാത്മാവിന്റെ ഖബ്റിങ്കലേക്കാണോ അവർ പോകുന്നത്, അവർ തങ്ങളുടെ ജീവിതത്തിൽ ശിർക്കിനെതിരെ പോരാടിയവരാണ്. അവരുടെ ഖബ്റിങ്കൽപോയാണ് ഇവർ തങ്ങളുടെ ആവശ്യങ്ങൾ ചോദിക്കുന്നത്. അല്ലാഹുവിന്റെ റഹീമിയ്യത്തിനെ ആകർഷിച്ചെടുക്കുന്നതിനും, ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിനുമായി നബി(സ) പറ

ഞ്ഞു, എല്ലാതരം ശിർക്കുകളിൽനിന്നും രക്ഷപ്പെടു കയെന്ന്. ഇതിനെതിരിൽ ശക്തമായി പ്രവർത്തിച്ചു കൊണ്ടിരിക്കുക എന്നത് ഓരോ അഹ്മദിയുടേയും നിർബന്ധ കടമയാണ്. ചില അഹ്മദികളിൽ ചില യേടത്ത് ഇതുണ്ടാകാറുണ്ട്. ഇന്ദ്രജാലത്തിലേക്കും, മന്ത്രിച്ചൂതുന്നതിലേക്കുമുള്ള വിശ്വാസം കൂടിയിരി ക്കുകയാണ്. ഇതിനൊന്നും ഒരു അടിസ്ഥാനവുമില്ല. അതുകൊണ്ട് ഇതിൽനിന്ന് എപ്പോഴും രക്ഷപ്പെടേ ണ്ടതാണ്.

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില സംഭവങ്ങൾ പറയാം. അത് ജനങ്ങളോടുള്ള ദയയാൽ നിറഞ്ഞതാണ്. നബി(സ) തിരുമേനിയുടെ സുന്നത്തിലൂടെ നടന്നുകൊണ്ടാണ് അവിടന്ന് ഇത് ചെയ്തത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നടക്കാൻ പോയിട്ട് തിരിച്ച് വീട്ടിലെത്തി. ഒരുപാടാ ളുകൾ അവിടെ കൂടിയിരുന്നു. അവരിൽ ഭിക്ഷ യാചി ക്കുന്ന ഒരാളും ഉണ്ടായിരുന്നു. അയാൾ എന്തോ ചോദിച്ചു. പക്ഷേ, ഇവരുടെ ശബ്ദം കാരണം അവി ടന്ന് ശരിയായ നിലയിൽ അയാൾ എന്താണ് പറയു ന്നതെന്ന് കേട്ടില്ല. ഉള്ളിൽ ചെന്നപ്പോൾ അയാൾ ചോദിച്ച കാര്യം ഓർമ്മവന്നു. അവിടന്ന് വെളിയിൽ വന്നിട്ട് അയാളെ കുറിച്ച് ചോദിച്ചു. അയാൾ പോയെന്ന് ആളുകൾ പറഞ്ഞു. പിന്നീട്, അയാളെ അന്വേഷിക്കാൻ പറഞ്ഞിട്ട് അവിടന്ന് ഉള്ളിലേക്ക് തിരിച്ചുപോയി. കുറച്ചുസമയത്തിനുശേഷം ആ ഭിക്ഷക്കാരൻ വീണ്ടും വന്നു. അവിടന്ന് അയാളുടെ ആവശ്യം പൂർത്തിയാക്കികൊടുത്തു. അവിടന്ന് പറ ഞ്ഞു, ഞാൻ വല്ലാതെ വിഷമിച്ചുപോയിരുന്നു. അയാളെ തിരിച്ചുകൊണ്ടുവരുന്നതിനും, അങ്ങനെ അയാളുടെ ആവശ്യം പൂർത്തീകരിക്കാൻ അവസരം കിട്ടുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുകയായി രുന്നു.

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഒരു സംഭവം ഇങ്ങനെ വിവ രിക്കുന്നു. കാബൂളിൽനിന്ന് ഒരു പെൺകുട്ടി വന്നു. അവളുടെ കണ്ണിന് കഠിനമായ രോഗം ബാധിച്ചിരു ന്നു. ഒരു ദിവസം അവളുടെ ഉമ്മ ഡാക്ടറുടെയടു ക്കൽ അവളെ കൊണ്ടുപോയി. ഞാൻ ഡാക്ടറുടെ അടുക്കൽ പോകുന്നില്ല ഞാൻ ഹദ്റത്ത് സാഹിബിനെ ക്കൊണ്ടേ ചികിത്സിക്കുകയുള്ളൂവെന്ന് പറഞ്ഞ് അവൾ ഓടിപ്പോന്നു. അവൾ ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെയടുക്കൽ വന്നു. അവൾ കരയുകയായി രുന്നു. കണ്ണിലെ ചെമപ്പിനെക്കുറിച്ചും വേദനയെക്കു റിച്ചും പറഞ്ഞു. തന്റെ കണ്ണിൽ ഒന്ന് ഊതിത്തരാൻ ഹദ്റത്ത് സാഹിബിനോട് അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവളുടെ കണ്ണിൽ വളരെ ബുദ്ധിമുട്ടുള്ളതായി കണ്ടു. അവിടന്ന് തന്റെ വിരലിൽ അല്പം ഉമിനീർ പുരട്ടി അവളുടെ കണ്ണിൽവെച്ചു. ദുആ ചെയ്തു. എന്നിട്ടു പറഞ്ഞു, മോളു പോയ്ക്കോ, ദൈവകൃപയാൽ നിനക്കിനി ഈ വിഷമം ഉണ്ടാകു കയില്ല. പിന്നീടൊരിക്കലും തനിക്ക് അങ്ങനെയൊരു വിഷമം ഉണ്ടായിട്ടില്ലെന്ന് അവൾ പറയാറുണ്ടായി രുന്നു.

എപ്പോഴും ഓരോരുത്തർക്കും വേണ്ടി വലിയ വരോടാണെങ്കിലും, ചെറിയവരോടാണെങ്കിലും അവി ടന്ന് കാരുണ്യവികാരത്തോടുകൂടി ദുആ ചെയ്തിരു ന്നു. ചികിത്സിക്കുകയും ചെയ്തിരുന്നു. അവരുടെ ബുദ്ധിമുട്ടുകൾ അകറ്റാൻ ശ്രമിക്കുകയും ചെയ്തി രുന്നു.

ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹി ബിന്റെ കുട്ടിക്കാലത്തെ ഒരു സംഭവം ഇങ്ങനെ വിവ രിക്കുന്നു. അദ്ദേഹത്തിന് കഠിനമായ രോഗം ബാധി ച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്തു. അല്ലാഹു അവിടത്തെ ദുആ കേട്ടു. ഇൽഹാം ഉണ്ടാ യി. ***സലാമുൻ ഖൗലുൻ മിൻറബ്ബിർറഹീം*** അതായത് നിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു. റഹീമും കരീമും ആയ അല്ലാഹു ഈ കുട്ടിയെ സംബന്ധിച്ച് നിനക്ക് സമാധാനത്തിന്റെ സുവിശേഷമറിയിക്കുന്നു. അങ്ങനെ മീർസാഹിബിന് ആരോഗ്യം വീണ്ടുകിട്ടി.

ഏതൊരുവികാരത്തോടുകൂടിയാണ് അവിടന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നതെന്നും ഇതിൽനിന്ന് നമുക്ക് മനസ്സിലാകുന്നു.

ഹദ്റത്ത് മുഫ്തി ഫള്ലുർറഹ്മാൻ സാഹിബ് പറയുന്നു: 1907-ൽ എന്റെ രണ്ടാമത്തെ കുട്ടി അബ്ദുൽ ഹഫീസ് ജനിച്ചു. പ്രസവത്തിനുശേഷം ഒരു പ്രത്യേ കതരം രോഗം അക്കാലത്ത് പടർന്നുപിടിച്ചിരുന്നു. എന്റെ ഭാര്യയേയും അത് ബാധിച്ചു. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയടുക്കൽ ഓടിവന്നു. അവി

ടന്ന് എനിക്ക് മരുന്നു തന്നു. ഞാൻ ഭാര്യയ്ക്ക് അതു കൊടുത്തു. ഒരു മാറ്റവും ഉണ്ടായില്ല. വീണ്ടും വന്ന് ഞാൻ വിവരം പറഞ്ഞു. അവിടന്ന് വേറൊരു മരുന്നു തന്നു. അതും ഞാൻ കൊടുത്തു, പക്ഷേ, മാറ്റം ഒന്നുമുണ്ടായില്ല. മൂന്നാമത്തെ പ്രാവശ്യവും ഇങ്ങനെയുണ്ടായി. അപ്പോൾ അവിടന്ന് പറഞ്ഞു. ഭൗതികമായ എല്ലാ കാര്യങ്ങളും ചെയ്തുകഴിഞ്ഞു. ഇനി ദുആ മാത്രമേ ബാക്കിയുള്ളൂ. താങ്കൾ പോയ്ക്കൊള്ളുക. ഞാൻ അവർക്കുവേണ്ടി ദുആ ചെയ്യാം. സത്യമായ സഹാനുഭൂതിയുടെ ആവേശത്താൽ അവിടന്ന് ദുആ ചെയ്തു. അവർ സുഖപ്പെടുന്നതുവരെ താൻ തലയുയർത്തുകയില്ലെന്നും അവിടന്ന് പറഞ്ഞിരുന്നു. അദ്ദേഹം പറയുന്നു: 'അതിനുശേഷം ഞാൻ വന്ന് സുഖമായി ഉറങ്ങി. എനിക്ക് വേവലാതിപ്പെടേണ്ട ആവശ്യമില്ലായിരുന്നു. ജാമ്യം എടുക്കുന്നയാൾ സ്വയം ജാമ്യമെടുത്തുകഴിഞ്ഞു'. അദ്ദേഹം പറയുന്നു. രാവിലെ അടുക്കളയിൽ പാത്രത്തിന്റെ ശബ്ദം കേട്ടുകൊണ്ടാണ് എന്റെ കണ്ണു തുറന്നത്. നോക്കിയപ്പോൾ എന്റെ ഭാര്യ സുഖം പ്രാപിച്ച് തന്റെ ജോലി ചെയ്തുകൊണ്ടിരിക്കുന്നതാണ് കണ്ടത്.

ഹദ്റത്ത് മുൻശി സൈനുൽ ആബ്ദീൻ സാഹിബ് പറയുന്നു. എന്റെ വിവാഹം കഴിഞ്ഞു. കുട്ടികൾ ഉണ്ടായെങ്കിലും ചെറുപ്പത്തിൽതന്നെ മരിച്ചുപോകുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ചോദിച്ചപ്പോൾ ഞാനിക്കാര്യം പറയുകയും ചെയ്തു. ഖലീഫ അവ്വലിനെക്കൊണ്ട് ചികിത്സിപ്പിക്കാൻ അവിടന്ന് നിർദ്ദേശിച്ചു. ചികിത്സ വലിയ വില പിടിച്ചതാണെന്നും അതുകൊണ്ട് തൽക്കാലം ചികിത്സിക്കുന്നില്ലെന്നും ഞാൻ അറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ചികിത്സ ഇഷ്ടപ്പെടുന്നുണ്ടോ എന്ന് തിരക്കി. ഇല്ലായെന്ന് ഞാൻ മറുപടി പറഞ്ഞു. ചികിത്സിക്കേണ്ട അങ്ങ് ദുആ ചെയ്താൽ മതി എന്ന് ഞാൻ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സുഹ്ർ നമസ്കാരത്തിനുശേഷം, അങ്ങനെയാണെങ്കിൽ ദുആ ചെയ്യാമെന്ന് പറഞ്ഞുകൊണ്ട് ദുആ ചെയ്യാൻ തുടങ്ങി. അസ്ർ ബാങ്ക് കൊടുക്കുന്നതുവരെ അത് തുടർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കണ്ണീർ താടിയിൽ വീണിട്ട് അവിടത്തെ ജുബ്ബയിൽ പതിച്ചുകൊണ്ടിരുന്നു. ഞാൻ ക്ഷീണിച്ച് ഭിത്തിയിൽ ചാരിനിന്നു. എന്തിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിഷമിപ്പിച്ചതെന്ന് ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. ചികിത്സിച്ചില്ലെങ്കിലും പ്രശ്നമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ദീർഘമായി ദുആ ചെയ്തുകൊണ്ട് അവസാനം അത് നിറുത്തിയപ്പോൾ പറഞ്ഞു. താങ്കൾക്ക് വേണ്ടി ചെയ്ത ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു. താങ്കളുടെ ഭാര്യയുടെ രോഗം സുഖപ്പെട്ടിരിക്കുന്നു. ഇൻശാഅല്ലാഹ്. ആദ്യം പിറക്കുന്ന കുട്ടി ആൺകുട്ടിയായിരിക്കും. അതങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു.

ജനങ്ങളോടുള്ള അനുകമ്പയാൽ തന്റെ ബുദ്ധിമുട്ട് അവിടന്ന് ഗൗനിച്ചതേയില്ല. പറയുന്നു: "അല്ലാഹു എപ്പോഴും കാരുണ്യത്തോടെ പെരുമാറാൻ പറഞ്ഞു. ഇതാണ് ഇസ്‌ലാമിക സാഹോദര്യത്തിന്റെ ഉദ്ദേശ്യം." വേറൊരിടത്ത് പറഞ്ഞു. അവന്റെ ദാസന്മാരോട് കരുണ കാണിക്കുക. നാവുകൊണ്ടോ കൈകൊണ്ടോ മറ്റു പ്രകാരത്തിലോ ഒരു ദ്രോഹവും ചെയ്യരുത്. സൃഷ്ടിയുടെ നന്മയ്ക്കായി ശ്രദ്ധിച്ചുകൊണ്ടേയിരിക്കുക." വീണ്ടും പറഞ്ഞു. "നിങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളോട് സ്വന്തം ബന്ധുക്കളോടെന്നപോലെ പെരുമാറുക. അമ്മ തന്റെ മക്കളോടു പെരുമാറുന്നതുപോലെ നിങ്ങൾ അന്യരോടും പെരുമാറുക." യഥാർത്ഥ ബന്ധമെന്താണെന്നും ഇവിടെ വിവരിച്ചിരിക്കുന്നു. അതായത്, മാതാവിന് കുട്ടികളോടുള്ള ബന്ധം. മറ്റു ബന്ധങ്ങളിൽ ചിലപ്പോൾ വിള്ളലുകൾ ഉണ്ടായിപ്പോകാറുണ്ട്. പക്ഷേ, ഉമ്മയും മക്കളും തമ്മിലുള്ള ബന്ധം എപ്പോഴും സ്നേഹത്തിലും സന്തോഷത്തിലുമായിരിക്കും.

വീണ്ടും പറഞ്ഞു. ആർക്കെങ്കിലും വിഷമമുണ്ടായാൽ ഞാൻ നമസ്കാരത്തിലാണെങ്കിൽ, എന്റെ കാതിൽ അയാളുടെ ശബ്ദം എത്തിയാൽ നമസ്കാരമുപേക്ഷിച്ച് അയാളെ സഹായിക്കണമെന്നാണ് എന്റെ ആഗ്രഹം. കഴിയുന്നിടത്തോളം അയാളോട് സഹാനുഭൂതി കാണിക്കണം. ഏതെങ്കിലും സഹോദരന്റെ വിഷമത്തിൽ പങ്കുചേരാതിരിക്കുന്നത് സൽസ്വഭാവത്തിന് വിരുദ്ധമാണ്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം ദുആ ചെയ്യുക. നമ്മുടെ ആളുകളോടു മാത്രമല്ല ഹിന്ദുക്കളോടും മറ്റുള്ളവരോടും ആ രീതിയിൽതന്നെ പെരുമാറണമെന്നാണ് നാം പറയുന്നത്. അവരോട് ദയ കാണിക്കുക.

അല്ലാഹു നമുക്ക് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ജീവിതമാ

തൃകയിലൂടെ നടന്നുകൊണ്ട് അവിടത്തെ സത്യസന്ധനായ ദാസൻ ഇക്കാലത്ത് നമുക്ക് കാണിച്ചുതന്നതുപോലെ, നബി(സ) ഉപദേശിച്ചതുപോലെ പ്രവർത്തിക്കാൻ നമുക്ക് ഭാഗ്യം ലഭിക്കുമാറാകട്ടെ. അല്ലാഹുവിന്റെ സൃഷ്ടികളോട് ദയയും കരുണയും നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടാകട്ടെ. അതെപ്പോഴും വർദ്ധിച്ചുകൊണ്ടേ പോകട്ടെ.

ദുഃഖകരമായൊരു വാർത്തയെക്കുറിച്ച് അവസാനം നിങ്ങളെ കേൾപ്പിക്കുകയാണ്. ഇന്നലെ, പാക്കിസ്ഥാനിലെ മണ്ടിബഹാഉദ്ദീൻ പ്രദേശത്തെ ഗ്രാമത്തിൽ ഒരു ശഹാദത്തുണ്ടായി. അദ്ദേഹം നവ അഹ്മദിയായിരുന്നു. നാല് വർഷം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. പത്ത് പന്ത്രണ്ട് വർഷമായി ജമാഅത്തുമായിട്ട് അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. ദൈവാനുഗ്രഹത്താൽ വലിയ സ്ഥിരചിത്തത കാണിച്ചിരുന്നു അദ്ദേഹം. അദ്ദേഹത്തിന്നെതിരിൽ ഗ്രാമവാസികൾ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. മൗലവിമാർ അദ്ദേഹത്തിനോട് സഹകരിക്കരുതെന്ന് ലൗഡ്സ്പീക്കറിലൂടെ വിളംബരം ചെയ്തിരുന്നു. ഖാദിയാനിയ്യത്തിന്റെ ചെടി ഇയാൾ നമ്മുടെ ഗ്രാമത്തിലിട്ടുവെന്നും ഇതിനെ വേരോടെ പിഴുതെറിയേണ്ടതാണെന്നും ഇല്ലെങ്കിൽ മുഴുഗ്രാമത്തേയും അത് നശിപ്പിക്കുമെന്നും അവർ പ്രഖ്യാപനം ചെയ്തു. ഇദ്ദേഹത്തിന്റെ തബ്‌ലീഗിന്റെ ഫലമായി കുറച്ചുനാൾ മുമ്പേ ഒരാൾ ബയ്അത്ത് ചെയ്തിരുന്നു. അതിനുശേഷം എതിർപ്പിന്റെ കാറ്റ് ശക്തിയായി വീശി. ഇന്നലെയോ മിനിഞ്ഞാന്നോ ഒരു ദുഷ്ടൻ അദ്ദേഹത്തെ ശഹീദാക്കി. ഘാതകൻ പോലീസ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനാണ്. അതായത് സബ്ഇൻസ്പെക്ടർ. അവധിയിൽ നാട്ടിൽ വന്നതാണ്. നമ്മുടെ സഹോദരനും അദ്ദേഹം മുഖേന ബയ്അത്ത് ചെയ്ത ആളും ഒരു കടയിലിരിക്കുകയായിരുന്നു. അയാൾ വന്നുടനെ തോക്കെടുത്ത് ഇദ്ദേഹത്തിന്റെ നേരെ നിറയൊഴിച്ചു. അങ്ങനെ നമ്മുടെ സഹോദരൻ ശഹീദായി. പിന്നീടയാൾ കാണിച്ച അക്രമം എന്താണെന്നുവെച്ചാൽ കയ്യിലിരുന്ന കോടാലികൊണ്ട് അദ്ദേഹത്തിന്റെ കഴുത്തിനും തോളിനും വെട്ടി.

മറ്റേ അഹ്മദി ഓടി ജീവൻ രക്ഷിച്ചു. അദ്ദേഹമാണ് ജമാഅത്തിനെ വിവരമറിയിച്ചത്. ഇദ്ദേഹത്തിന്റെ സഹോദരന്മാരും ഇദ്ദേഹത്തെ ബോയ്കോട്ട് ചെയ്തിരിക്കുകയായിരുന്നു. സഹോദരപുത്രിയുടെ വിവാഹത്തിനൊന്നും ഇദ്ദേഹത്തെ ക്ഷണിച്ചിരുന്നില്ല. ഭാര്യയും മൂന്ന് പെൺകുട്ടികളുമുണ്ട്. നാല്പത്തിആറ് വയസ്സാണ് അദ്ദേഹത്തിന്റെ പ്രായം. മൂത്ത പെൺകുട്ടിക്ക് 10 വയസ്സ്. ഭാര്യയും കുട്ടികളും ബയ്അത്ത് ചെയ്തിരുന്നു. അല്ലാഹു അവരുടെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹത്തിന്റെ ഭാര്യയേയോ മക്കളേയോ ഇതുവരെ വീട്ടിൽ കയറാൻ അനുവദിച്ചിരുന്നില്ല. എന്നാലും ആ അനഹ്മദി സഹോദരൻ ജനാസ ജമാഅത്തിന് വിട്ടുതന്നുകൊണ്ട് മാന്യത കാണിച്ചു. ഇന്ന് റബ്‌വയിൽ കബറടക്കി.

വലിയ ധൈര്യവാനായിരുന്നു അദ്ദേഹം. ഉത്സാഹത്തോടെ തബ്‌ലീഗ് ചെയ്തിരുന്നു. മോംഗിലെ ശുഹദാക്കളുടെ ചിത്രം കണ്ടിട്ട് അല്ലാഹു എന്നേയും ഈ ഭാഗ്യവാന്മാരിൽപെടുത്തിയിരുന്നെങ്കിൽ എന്ന് എപ്പോഴും പറയുമായിരുന്നു. ഈ സംഭവം ഇസ്‌ലാമിന്റെ ആദ്യകാല സ്മരണയെ ഓർമ്മപ്പെടുത്തുന്നതാണ്. ഒരിക്കൽ നബി(സ) ധനം വിതരണം ചെയ്യുകയായിരുന്നു. ഈ ധനത്തിനുവേണ്ടി ഞാൻ മുസൽമാനായിട്ടില്ല എന്നെ അല്ലാഹുവിന്റെ വഴിയിൽ ബലിയർപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം എന്റെ തൊണ്ടക്കുഴിയിൽ അമ്പ് കൊണ്ട് മരിക്കണം, എന്നു പറഞ്ഞ ഒരു ധീരനുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം പോയപ്പോൾ നബി(സ) പറഞ്ഞു. ഇദ്ദേഹത്തിന്റെ ആഗ്രഹം സത്യമാണെങ്കിൽ അത് പൂർത്തിയാക്കപ്പെടും. കുറച്ചുകാലത്തിനുശേഷം ഒരു യുദ്ധത്തിൽ അയാൾ പങ്കെടുത്തു. പറഞ്ഞതുപോലെതന്നെ വീരമൃത്യുവരിക്കുകയും ചെയ്തു.

ഇദ്ദേഹത്തിന്റേയും ആഗ്രഹം സത്യമായിരുന്നു. അല്ലാഹു അത് പൂർത്തിയാക്കിക്കൊടുത്തു. അല്ലാഹു അദ്ദേഹത്തിന് ശാന്തിയും സമാധാനവും നല്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അങ്ങേയറ്റം പൊറുത്തുകൊടുക്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 2.3.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala